Press Release 30.09.2016

# കെ.സി.എസ്.എൽ. കാരുണ്യദൂത് യാത്ര ചങ്ങനാശ്ശേരി അതിരൂപതയിൽ

തിരുവനന്തപുരം: ശതാബ്ദി കടന്ന ലോകത്തിലെ തന്നെ പ്രഥമ വിദ്യാർത്ഥി സംഘടനയായ കേരള കാത്തലിക് സ്റ്റുഡന്റ്സ് ലീഗ് സംസ്ഥാനത്തെ 25 കത്തോലിക്കാ രൂപതകളിലേക്ക് സംഘടിപ്പിച്ചിട്ടുള്ള കാരുണ്യദൂത് യാത്ര ചങ്ങനാശ്ശേരി അതിരൂപതയിലെത്തി. വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച വസ്ത്രങ്ങളും മറ്റ് നിത്യോപയോഗ സാധനങ്ങളും ഏറ്റുവാങ്ങുന്ന ചടങ്ങ് ചങ്ങനാശ്ശേരി ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. സംസ്ഥാന ജനറൽ ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ, സംസ്ഥാനപ്രസിഡന്റ് കുര്യച്ചൻ പുതുക്കാട്ടിൽ, രൂപതാഡയറക്ടർ ഫാ. മാത്യു വാരുവേലിൽ, പ്രസിഡന്റ് ജെയിംസ് മാളിയേക്കൽ, സംസ്ഥാന നിർവാഹകസമിതിയംഗം ജോസഫ് മാത്യു പതിപ്പിള്ളി എന്നിവർ സന്നിഹിതരായിരുന്നു.

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പാളയം സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നാണ് കാരുണ്യദൂത് യാത്രയ്ക്ക് തുടക്കമായത്. അതിരൂപതാ വികാരി ജനറാൾ മോൺ. യൂജിൻ പെരേര ഉദ്ഘാടനം ചെയ്തു. സഖ്യത്തിന്റെ ജനറൽ ഡയറക്ടർ ഫാ. തോംസൺ പഴയചിറ പീടികയിൽ സംസ്ഥാന ഭാരവാഹികളായ സെബാസ്റ്റ്യൻ വി.വി., സാബു തങ്കച്ചൻ, എം.എസ്. ജോസ് അനൂബ്, സിസ്റ്റർ മോളി എഫ്.എം.എം, അതിരൂപതാ ഡയറക്ടർ ഫാ. രജീഷ് ബാബു രൂപതാ പ്രസിഡന്റ് ഡാമിയൻ ജി. തുടങ്ങിയവർ സന്നിഹിതരായിരുന്നു. വിദ്യാർത്ഥികൾ ശേഖരിച്ച വസ്ത്രങ്ങളും മറ്റും സംസ്ഥാന ജനറൽ ഡയറക്ടർ ഏറ്റുവാങ്ങി. ഇവ മിഷൻ പ്രദേശങ്ങളിലെ നിർദ്ധന കുടുംബങ്ങൾക്ക് വിതരണം ചെയ്യും.

തിരുവനന്തപുരം മലങ്കര അതിരൂപതയിലെ പട്ടം സെന്റ് മേരീസ് എച്ച്.എസ്.എസിൽ കാരുണ്യദൂത് യാത്രയ്ക്ക് സ്വീകരണം നല്കി. അതിരൂപതാ വികാരി ജനറാൾ മോൺ. ജോൺ കൊച്ചുതുണ്ടിൽ മുഖ്യപ്രഭാഷണം നടത്തി. രൂപതാ ഡയറക്ടർ ഫാ. ഗീവർഗീസ് ഏഴിയാത്ത് രൂപതാ പ്രസിഡന്റ് ബിജു തോമസ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കൊല്ലത്ത് സെന്റ് അലോഷ്യസ് സ്കൂളിലെത്തിയ കാരുണ്യദൂത് യാത്രയ്ക്ക് വൻവരവേല്പാണ് ലഭിച്ചത്. രൂപതാ വികാരി ജനറാൾ മോൺ കെ. ജെ. യേശുദാസ് പ്രസംഗിച്ചു. കൊല്ലം രൂപതാ ഡയറക്ടർ ഫാ. ജിജോ ജോസ്, ആനിമേറ്റർ ആനി കാതറിൻ എന്നിവർ സന്നിഹിതരായിരുന്നു. കാരുണ്യദൂതിന്റെ അടുത്ത ഘട്ടം ഒക്ടോബർ 7-ന് ആരംഭിക്കും. ആഗോളസഭയിൽ കാരുണ്യവർഷത്തിന്റെ സമാപനത്തോടനുബന്ധിച്ച് സഖ്യത്തിന്റെ കാരുണ്യദൂത് യാത്ര നവംബർ ആദ്യവാരത്തിൽ കൊച്ചിയിൽ സമാപിക്കും.

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അനുഗ്രഹാശീർവാദങ്ങളോടെ സ്കൂൾ വിദ്യാർത്ഥികളിലേക്ക് പങ്കുവയ്ക്കൽ സംസ്കാരം പകർന്നു നല്കുകയെന്ന ലക്ഷ്യമാണ് കാരുണ്യദൂത് യാത്രയിലൂടെ ലക്ഷ്യമിടുന്നതെന്ന് ജനറൽ ഡയറക്ടർ ഫാ. തോംസൺ പഴയചിറപീടികയിൽ അറിയിച്ചു.

**ഫാ. തോംസൺ പഴയചിറപീടികയിൽ**
സ്റ്റേറ്റ് ജനറൽ ഡയറക്ടർ, കെ.സി.എസ്.എൽ.

ഫോട്ടോ മാറ്റർ: കെ.സിഎസ്.എൽ. കാരുണ്യദൂത് യാത്ര ചങ്ങനാശ്ശേരി അതിരൂപതയിലെത്തിയപ്പോൾ. ആർച്ചുബിഷപ് മാർ ജോസഫ് പെരുന്തോട്ടം, ജോസഫ് മാത്യു പതിപ്പിള്ളി, കുര്യച്ചൻ പുതുക്കാട്ടിൽ, ഫാ. തോംസൺ പഴയചിറപീടികയിൽ, ഫാ. മാത്യു വാരുവേലിൽ, ജെയിംസ് മാളിയേക്കൽ